Publication : Mathrubhumi
Date : 07-07-2015
Page No : 07
Location : Kerala

# സൂക്ഷ്മാണുക്കളെ ഉപയോഗിച്ചുള്ള കൃഷിയിൽ ഉത്പാദനം ഏറെ -അഗ്രോ പാർക്ക്

**കൊച്ചി:** വിഷം തീണ്ടാത്ത പഴവും പച്ചക്കറിയും വിളയിക്കാനുള്ള കേരളത്തിന്റെ യത്നത്തിന് പിന്തുണയുമായി വാഴക്കുളം പൈനാപ്പിൾ ഗ്രോവേഴ്സ് ആൻഡ് പ്രൊസ്സസേഴ്സും (അഗ്രോ പാർക്ക്). സൂക്ഷ്മാണു ഘടകങ്ങളെ മണ്ണിൽ നിക്ഷേപിച്ചു കൊണ്ടുള്ള കൃഷി രിതി പ്രചരിപ്പിക്കാനും അതുവഴി, ജൈവ മാർഗങ്ങളിലൂടെ തന്നെ ഉത്പാദനം വർധിപ്പിക്കാനും കഴിയുമെന്ന തിരിച്ചറിവിലാണ് ഈ സംഘടന. ഇരുന്നൂറോളം സജീവാംഗങ്ങളുണ്ട് അഗ്രോ പാർക്കിൽ. പരിസ്ഥിതി സന്തുലനാവസ്ഥ നിലനിർത്താൻ പൂർണമായും ജൈവ കൃഷി രീതി തന്നെ സ്വീകരിക്കണമെന്നും കർഷകരുടെ ആരോഗ്യത്തിന് പ്രാധാന്യം നൽകി ഇക്കാര്യത്തിൽ വിട്ടുവീഴ്ചയില്ലാത്ത സമീപനം സ്വീകരിക്കണമെന്നും അഗ്രോ പാർക്കിന്റെ യോഗം നിർദേശിച്ചു.

സൂക്ഷ്മാണു ഘടകങ്ങളുടെയും അവയുടെ പ്രയോഗത്തിന്റെയും കാര്യത്തിൽ ആവശ്യമായ പരിശോധനയും കൃഷിയിടങ്ങളിലെ പരീക്ഷണങ്ങളും പൂർത്തീകരിച്ച ശേഷമാണ് അഗ്രോ പാർക്ക്, അംഗങ്ങൾക്ക് ഉപദേശം നൽകിയതെന്ന് എക്സിക്യൂട്ടീവ് ഡയറക്ടർ ബേബി ജോൺ പറഞ്ഞു. 'അഗ്രോ പാർക്കിന്റെ പ്രവർത്തന രീതികളിൽ സമഗ്രമായ മാറ്റത്തിനും ദീർഘകാല നേട്ടത്തിനും വഴിയൊരുക്കുന്നതാണ് പുതിയ പദ്ധതി. സൂക്ഷ്മാണു ഘടകങ്ങൾ മണ്ണിന്റെ മേന്മ വർധിപ്പിക്കും. കർഷകരുടെയോ ജോലിക്കാരുടെയോ ആരോഗ്യത്തെ ബാധിക്കുകയുമില്ല.' -അദ്ദേഹം പറഞ്ഞു.

പരിസ്ഥിതി സന്തുലനാവസ്ഥയും കർഷകരുടെ ആരോഗ്യം ഉറപ്പുവരുത്തുകയും ചെയ്യുന്നതിനു പുറമെ, ഈ കൃഷിരിതി മൂല്യവർധനയും നൽകുമെന്ന് അഗ്രോ പാർക്ക് മാനേജിങ് ഡയറക്ടർ ജോയ് മാത്യു പറഞ്ഞു.

പരമ്പരാഗത രീതികൾക്ക് പകരം സൂക്ഷ്മാണു അധിഷ്ഠിതമായ പരിഹാര മാർഗങ്ങൾ ലോകമെമ്പാടും അന്വേഷിക്കുകയും പരീക്ഷിക്കപ്പെടുകയുമാണെന്ന് സി.ബി.ടി.എൽ. ഇൻസ്റ്റിറ്റ്യൂഷണൽ ബിസിനസ് കൺട്രി ഹെഡ് സുന്ദരേശ് കൃഷ്ണമൂർത്തി പറഞ്ഞു.